(ഡി) ഓൺലൈൻവഴി മരുന്നുവിതരണം ശ്രദ്ധയിൽപ്പെട്ടുന്നപക്ഷം ആയത് തടയുന്നതിലേയ്ക്കായി വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## കണ്ണൂർ ജില്ലയിലെ ഹോമിയോ ഡിസ്പെൻസറികൾ

**104 (2313)** <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിനായി മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ലഭ്യമാക്കുമോ ;

(ഡി) പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ എൻ.ആർ.എച്ച്.എം. മുഖേന ഹോമിയോ ഡിസ്പെൻസറി അനുവദിക്കുമോ ?

### ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളുടെ പേര് വിവരപട്ടിക ഇതോടൊപ്പം അനുബന്ധമായി നൽകുന്നു.*

(ബി - ഡി) തൽക്കാലം പരിഗണനയിലില്ല.

## മലബാർ ദേവസ്വം ബോർഡിനുകീഴിൽ ജീവനക്കാർക്ക് ശമ്പളം

**105 (2314)** <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ഒരു വിഭാഗം ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ ശാശ്വത പരിഹാരമുണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly